(ബി) ഒലവക്കോട് ഡിവിഷന്റെ അധികാര പരിധി വെട്ടിക്കുറയ്ക്കുന്നതിൽ പ്രതിഷേധിച്ച് കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, ജില്ലകളിലെ ജനപ്രതിനിധികളിൽനിന്നും ബഹുജനസംഘടനകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള പ്രതിഷേധം സംസ്ഥാന ഗവൺമെന്റ് കേന്ദ്രറെയിൽവേ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഈ പ്രശ്നം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം എന്താണ്, ആയത് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഈ പ്രശ്നത്തിൻമേൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ നടന്ന ചർച്ചകളുടേയും അഭിപ്രായങ്ങളുടേയും വിശദവിവരം വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ.റ്റി.എസ്.ജോൺ):

(എ) പുതിയതായി സ്ഥാപിക്കുമെന്ന് കേന്ദ്ര മന്ത്രി ഉറപ്പു തന്ന തിരുവനന്തപുരം ഡിവിഷന്റെ പ്രവർത്തനപരിധിയെ പറ്റി എല്ലാ രാഷ്ട്രീയ പാർട്ടിക്കാരും യോജിച്ചു സ്വീകരിക്കുന്ന ഒരു തീരുമാനം റെയിൽവേ അധികൃതരെ അറിയിക്കണമെന്നുള്ളതാണ്.

(ബി) ഇക്കാര്യം കേന്ദ്ര ഗവൺമെന്റ് തന്നെ എഴുത്തുകുത്തുകളിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഒലവക്കോട് റെയിൽവേ ഡിവിഷൻ നിലനിറുത്തിക്കൊണ്ട് തിരുവനന്തപുരം ഡിവിഷൻ സ്ഥാപിക്കണമെന്നത് ആണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. ഇത് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുമുണ്ട്.

(ഡി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ നടന്ന ചർച്ചകളിലും അഭിപ്രായ വിനിമയങ്ങളിലും അടങ്ങിയിരിക്കുന്ന പ്രധാന വസ്തുതകളാണ് മേൽ പറഞ്ഞിട്ടുള്ളത്.

പുനരധിവാസ പദ്ധതി

*300 [317] ശ്രീ. ഇ. പി. ഗോപാലൻ:

ശ്രീ. വി. കെ. രാജൻ:

ശ്രീ. എം. കെ. കേശവൻ:

ശ്രീ. ഇ. കെ പിള്ള:

ശ്രീ. പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരധിവാസ പദ്ധതി അനുസരിച്ച് സിലോണിൽ നിന്നു വന്ന എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(ബി) ഇപ്പോഴുള്ള പദ്ധതി പ്രകാരം എത്ര പേർക്ക് തൊഴിൽ നൽകാൻ സാധിക്കും?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി.എസ്. ജോൺ):

(എ) കേരളത്തിൽ 354 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

(ബി) ഇപ്പോഴുള്ള പദ്ധതികൾ പ്രകാരം 671 കുടുംബങ്ങൾക്കു കൂടി തൊഴിൽ നൽകാൻ സാധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പുനഃസംഘടന

*301 [318] ശ്രീ. പി. റ്റി. കുഞ്ഞുട്ടിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ പ്രസ്തുത കോർപ്പറേഷൻ പുനഃസംഘടിപ്പിക്കണം എന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചു?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുനഃസംഘടിപ്പിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വാർഷിക റവന്യൂ വരുമാനം

*302 [319] ശ്രീ. യു. എ. ബീരാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തിന്റെ വാർഷിക റവന്യൂ വരുമാനം എത്ര;

(ബി) പ്രതിവർഷ ശമ്പളച്ചെലവ് എത്ര?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) ബഡ്ജറ്റ് അടങ്കലുകളനുസരിച്ച് സംസ്ഥാനത്തിന്റെ 78-79-ലെ വാർഷിക വരുമാനം 479.63 കോടി രൂപയായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

	(രൂപാ കോടിക്കണക്കിൽ)
കേന്ദ്ര നികുതികളുടേയും തീരുവകളുടേയും വിഹിതം	: 74.08
സംസ്ഥാന നികുതി വരവ്	: 217.34
നികുത്യേതര വരവ്	: 80.75
കേന്ദ്രത്തിൽ നിന്നുള്ള സഹായധനം	: 95.46
പുതിയ നികുതികൾ	: 12.00
ആകെ	479.63

LIBRARY ARCHIVES Kerala Legislative Assembly